പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2241

17.6.2014 ൽ
മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി പദ്ധതി പ്രദേശത്ത് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. ശർമ്മ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്മാർട്ട്സിറ്റി പദ്ധതി പ്രദേശത്ത് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ ; | എ) 6.5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരുന്നു. അതോടൊപ്പംതന്നെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നു. ഉദ്ദേശം 3.7 കിലോമീറ്റർ നീളത്തിൽ റോഡ്, ഓടകൾ, കേബിൾ കുഴികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള കരാറുകൾ നൽകികഴിഞ്ഞു. തുടക്കത്തിൽ ആവശ്യംവരുന്ന ജലത്തിന്റെ ലഭ്യത ഉറപ്പാക്കി കഴിഞ്ഞു. സംഭരണികൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള ജോലികൾ ഉടൻ ആരംഭിക്കും. പദ്ധതിയുടെ കോ-ഡവലപ്പേഴ്സിന് ഭൂമി അനുവദിക്കുന്ന നടപടികൾ നടന്നുവരുന്നു. ഇൻഫോപാർക്ക് റോഡ്, സ്മാർട്ട്സിറ്റിയുമായി ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി) നിർമ്മാണ പ്രവർത്തന-ങ്ങൾക്കായി ആകെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ? | ബി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ തുകയൊന്നുംതന്നെ ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ